**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2172** **30-07-2021 - ൽ മറുപടിയ്ക്ക്**

**ആനകളുടെ മരണനിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2020-ൽ സംസ്ഥാനത്ത് ചരിഞ്ഞ ആനകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | 2020-ൽ സംസ്ഥാനത്ത് 72 കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ മൂന്നു വർഷത്തിനിടെ സംസ്ഥാനത്ത് ഇരുനൂറ്റി അൻപത്തിയേഴ് ആനകൾക്ക് ജീവൻ നഷ്ടമാകുകയുണ്ടായോ; ഇതിൽ സ്വാഭാവികമായി ചരിഞ്ഞതും അപകടത്തിലും സാമൂഹ്യവിരുദ്ധരാലും കൊല്ലപ്പെട്ടതും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | കഴിഞ്ഞ മൂന്നു വർഷത്തിനിടെ സംസ്ഥാനത്ത് 280 കാട്ടാനകൾ മരിച്ചിട്ടുണ്ട്. ഇതിൽ സ്വഭാവികമായി ചരിഞ്ഞത് 217 എണ്ണവും, അപകടത്തിൽ മരണപ്പെട്ടത് 54 ഉം, സാമൂഹ്യ വിരുദ്ധരാൽ മരണപ്പെട്ടത് 9 ഉം ആണ്. |
| (സി) | ആനകളുടെ ഈ മരണനിരക്ക് ദേശീയ ശരാശരിയിലും കൂടുതലാണോ; | (സി) | ദേശീയ ശരാശരിയിലും കൂടുതലല്ല. |
| (ഡി) | ആനകളുടെ മരണത്തിന് കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത് എന്തെല്ലാമാണ്; ഇതിൽ മരണത്തിന് ഏറ്റവും കൂടുതൽ കാരണമായിട്ടുള്ളത് എന്താണ്; ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ആനകളുടെ മരണത്തിന് കാരണമായി കണ്ടെത്തിയിട്ടുള്ളത് താഴെപ്പറയുന്ന കാരണങ്ങളാണ്. (1) സ്വാഭാവിക മരണം (വലിയ മാംസ ഭോജികളുടെ ആക്രമണവും ആനകൾ തമ്മിലുള്ള കുത്തുകൂടലും, പ്രായാധിക്യവും) (2) അപകടമരണം (3) ആനവേട്ട (4) ഇലക്ട്രിക് കമ്പികളിൽ നിന്നുള്ള വൈദ്യുതാഘാതം. (5) ഹെർപ്പസ് വൈറസ് ബാധ മൂലമുള്ള മരണം. സ്വാഭാവിക കാരണങ്ങളാണ് കാട്ടാനകൾ കൂടുതൽ ചെരിയുന്നത്. മറ്റ് കാരനങ്ങളാൽ ആനകൾ ചരിയുന്നത് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ